## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 111. 26.09.2011-ൽ മറുപടിക്ക്

അട്ടപ്പാടിയിൽ ആദിവാസി സ്ത്രീകളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കിയ സംഭവം.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ. ബഷീർ:<br>ശ്രീ. പി. ഉബൈദുള്ള.<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്. | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) അട്ടപ്പാടിയിൽ ആദിവാസി സ്ത്രീകളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കിയതു സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് ഈ വിവരം ശ്രദ്ധയിൽപ്പെട്ടത്; | (എ) | ഉണ്ട്. 23.04.2011-ൽ ഹ്യൂമൻ ട്രാഫിക്കിംഗ് നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ അഹാഡ്സിൽ നടത്തിയ അദാലത്തിൽ വച്ചാണ് ആദിവാസി സ്ത്രീകളെ ലൈംഗികചൂഷണത്തിന് ഇരയാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടത്. |
| ബി) ഈ സംഭവത്തിൽ മുൻസർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ; | (ബി) | ഇതു സംബന്ധിച്ച അദാലത്തിൽ പങ്കെടുത്ത,ലൈംഗികചൂഷണത്തിന് വിധേയരായ ആദിവാസി സ്ത്രീകളുടെ മൊഴി രേഖപ്പെടുത്തി ഇന്ത്യൻ ശിക്ഷാനിയമം പട്ടികജാതി പട്ടിക വർഗ്ഗ പീഡന നിരോധന നിയമം എന്നിവ പ്രകാരം അഗളി പോലീസ് സ്റ്റേഷനിൽ 13 കേസുകളും, ഷോളയൂർ പോലീസ് സ്റ്റേഷനിൽ 8 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 18 കേസുകൾ അഗളി ഡി.വൈ.എസ്.പിയും (എസ്.എം.എസ്),3 കേസുകൾ അഗളി സർക്കിൾ ഇൻസ്പെക്ടറും അന്വേഷിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്; | (സി) | അഗളി പോലീസ് സ്റ്റേഷനിൽ 13 കേസുകളും ഷോളയൂർ പോലീസ് സ്റ്റേഷനിൽ 8 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ സംഭവങ്ങൾ ഏതെല്ലാം വർഷങ്ങളിൽ നടന്നതായിട്ടാണ് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | (ഡി) | പ്രസ്തുത കേസുകളിൽ കുറ്റകൃത്യം നടന്നിട്ടുള്ള വർഷം തരം തിരിച്ച് ചുവടെ ചേർക്കുന്നു. |

| വർഷം | കേസുകളുടെ എണ്ണം. |
|---|---|
| 1981 | 1 |
| 1986 | 1 |
| 1988 | 2 |
| 1989 | 3 |
| 1991 | 1 |
| 1992 | 1 |
| 1994 | 1 |
| 1995 | 2 |
| 1996 | 1 |
| 1999 | 2 |
| 2000 | 1 |
| 2004 | 1 |
| 2005 | 1 |
| 2006 | 1 |
| 2010 | 2 |
| മൊത്തം | 21 |

| | | | |
|---|---|---|---|
| (ഇ) | അട്ടപ്പാടി ആദിവാസി ഊരുകളിൽ എത്ര അവിവാഹിത അമ്മമാർ ഉണ്ടെന്ന് കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഇ) | അട്ടപ്പാടി ഐ.റ്റി.ഡി.പി. യുടെ കണക്കു പ്രകാരം 88 അവിവാഹിത അമ്മമാർ ഉള്ളതായി അറിവായിട്ടുണ്ട്. |
| (എഫ്) | ആദിവാസി ഊരുകളിൽ ഇത്തരം സംഭവങ്ങൾ നടക്കുന്നതിനിടയാക്കിയ സർക്കാർ ഭാഗത്തു നിന്നുണ്ടായിട്ടുള്ള വീഴ്ചകളെക്കുറിച്ച് അന്വേഷണം നടത്തുമോ ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ സംഭവങ്ങളിലും മൊഴി രേഖപ്പെടുത്തി കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ.